# DEPARTMENT OF CATECHESIS

## ARCHDIOCESE OF ERNAKULAM – ANGAMALY

## Sunday School First Semester Examination

5-Nov-2017 **Std. IV - IX** Marks: 35

**I ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **5 X 1 = 5**

1. കടന്നു പോകൽ എന്നർത്ഥം വരുന്ന വാക്കേത് ?

   (മന്ന, ബഥേൽ, പെസഹ)

2. .........

**II പൂരിപ്പിക്കുക** **5 X 1 = 5**

6. സുബാറ എന്ന വാക്കിന്റെ അർതഥം ......... എന്നാണ് ?

7. .........

**III രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **6 X 2 = 12**

11. മാമ്മോദീസാ എന്നാലെന്ത് ?

12. .........

**IV ഖണ്ഡിക (പാരഗ്രാഫ്) എഴുതുക (ഏതെങ്കിലും 2 എണ്ണം)** **4 X 2 = 8**

17. ലിറ്റർജി എന്നാൽ എന്ത് ?

18. .........

**V ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **1 X 5 = 5**

20. (പൊതുചോദ്യം)

# DEPARTMENT OF CATECHESIS

## ARCHDIOCESE OF ERNAKULAM – ANGAMALY

## Sunday School First Semester Examination

5-Nov-2017 **Std. X - XII** Marks: 40

**I ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **5 X 1 = 5**

1. വിശ്വാസികളുടെ പിതാവ് ആര് ?

   (ഐസക്കിയേൽ, ജോസഫ്, അബ്രാഹം)

2. .........

**II പൂരിപ്പിക്കുക** **5 X 1 = 5**

6. സ്നേഹത്തിന്റെ പ്രകാശമാണ് .........
7. .........

**III രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **7 X 2 = 14**

11. ഈശോ തിന്മയെ പരാജയപ്പെടുത്തിയത് എങ്ങനെ
12. .........

**IV ഖണ്ഡിക (പാരഗ്രാഫ്) എഴുതുക (ഏതെങ്കിലും 2 എണ്ണം)** **2 X 5 = 10**

18. ഈശോയുടെ ചരിത്രപരതയ്ക്ക് നമുക്ക് നൽകാവുന്ന തെളിവുകൾ - വിവരിക്കുക

19. .........

**V രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **1 X 6 = 6**

21. (പൊതുചോദ്യം)

**2017 നവംബർ 5 ന് നടക്കുന്ന ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ചോദിക്കാൻ സാധ്യതയുള്ള പൊതു ചോദ്യങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഇംഗ്ലീഷ് മീഡിയം പരീക്ഷ എഴുതുന്ന കുട്ടികൾക്കും ഇതേ ചോദ്യങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. മറ്റ് ചെറിയ പൊതുവിജ്ഞാന ചോദ്യങ്ങൾ സത്യ ദീപത്തിൽ നിന്നായിരിക്കും. (വചനദീപം പേജ് 19,43 വായിക്കുക)**

## IV- VII വരെ

1. ഈശോയെ കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ കൂട്ടുകാരന്/കൂട്ടുകാരിക്ക് ഈശോയുടെ ജീവിത ശൈലികൾ വിവരിച്ചുകൊണ്ട് ഒരു കത്തെഴുതുക.

2. ഈശോ പകർന്നുതന്ന സ്നേഹമെന്ന നിയമം എല്ലാവരോടും ഒരുപോലെ പ്രകടിപ്പിക്കുവാൻ ഇന്നത്തെ ജീവിത സാഹചര്യങ്ങൾ ഉതകുന്നതാണോ ? വിവരിക്കുക.

3. ഈശോയെ അനുഭവിച്ച് അറിഞ്ഞ മക്കൾ എന്ന രീതിയിൽ പരസ്പരം സ്നേഹിച്ചും സഹായിച്ചും ക്രിസ്തു ശിഷ്യരായി വളരാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിനെപ്പറ്റി ഒരു പ്രസംഗം തയ്യാറാക്കുക.

4. നിങ്ങളുടെ കൂട്ടുകാരന് ഈശോയെ കുറിച്ച് അറിയണം എന്നുണ്ട് നിങ്ങൾ എപ്രകാരം ആ കൂട്ടുകാരന് ഈശോയെ പരിചയപ്പെടുത്തുമെന്ന് കൂട്ടുകാരനോട് പറയുന്ന രീതിയിൽ വിശദീകരിക്കുക.

5. ഈശോയുടെ കുഞ്ഞെന്ന നിലയിൽ സ്കൂളിൽ പോകുന്ന ഒരു ദിവസം രാവിലെ ഉണരുന്നതു മുതൽ രാത്രിയിൽ ഉറങ്ങുന്നതു വരെ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നന്മ പ്രവൃത്തികൾ ഏവയെന്നു വിശദീകരിക്കുക.

6. ''ജീവിക്കുന്നതിലെ സന്തോഷം'' എന്നതാണല്ലോ 2017-2018 ലെ വിശ്വാസ പരിശീലനത്തിന്റെ പ്രമേയം. ഇതിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതവും നിങ്ങളിലൂടെ മറ്റുള്ളവരുടെ ജീവിതവും എങ്ങനെ സന്തോഷകരമാക്കാം എന്നു വിശദീകരിക്കുക.

7. ഈശോയുടെ പ്രബോധനങ്ങളെക്കുറിച്ച് പഠിക്കുന്ന കുട്ടികൾ എന്ന നിലയിൽ സമൂഹത്തിൽ കാണുന്ന അക്രമം, അസത്യം, അസാന്മാർഗ്ഗികത എന്നിവയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. നിങ്ങളുടെ ഭാഗത്തു നിന്നു നിങ്ങൾ എന്തു നടപടികൾ ഈ തിന്മകൾക്കെതിരെ സ്വീകരിക്കാൻ ആഗ്രഹിക്കുന്നു.

8. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക യുഗത്തിൽ 'ജീവിക്കുന്നതിലെ സന്തോഷം' എന്ന ആപ്തവാക്യത്തെ മുൻനിറുത്തി പരസ്പരം സ്നേഹിച്ചും സഹായിച്ചും സന്തോഷം നിറഞ്ഞ ക്രിസ്തു മക്കളായി വളരാൻ സാധിക്കുമെന്നതിനെപ്പറ്റി ഒരു പ്രസംഗം തയ്യാറാക്കുക

9. കുടുംബ പ്രാർത്ഥനയിൽ കുടുംബാംഗങ്ങളെല്ലാവരും പങ്കെടുക്കേണ്ടതിന്റെ ആവശ്യകത എന്താണ് ? നിങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുക

10. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന ഈശോയെപ്പോലെ കുട്ടികളായ നാം നമ്മുടെ വീട്ടിലും വിദ്യാലയത്തിലും എപ്രകാരം മറ്റുള്ളവർക്ക് മാതൃകയാകാം.

11. 'ദൈവത്തിന് അസാധ്യമായി ഒന്നുമില്ല' എന്ന് നിങ്ങളുടെ ജീവിതത്തിൽ തോന്നിയിട്ടുള്ള ഒരു അനുഭവം വിവരിക്കുക.

12. മാതാ പിതാ ഗുരു ദൈവം ഒരു ക്രൈസ്തവ വിദ്യാർത്ഥി എന്ന നിലയിൽ ഈ വാക്യം ജീവിതത്തിൽ എങ്ങനെ യാഥാർത്ഥ്യമാക്കാം.

# VIII – XII

13. ഒഴിവാക്കാനാകാത്ത അനിവാര്യഘടകമായി മാധ്യമങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ഈ പുതു തലമുറയിൽ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈശോയെ പകർന്നു കൊടുക്കാൻ സാധിക്കുന്നതെങ്ങനെ ?

14. രാഷ്ട്രീയവും മതപരവുമായ തീവ്രവാദ നിലപാടുകൾ യുവജനങ്ങൾ എടുക്കുമ്പോൾ അവർ ജീവന്റെ സംരക്ഷകരാവുകയാണോ, ഘാതകരാകുകയാണോ? ജീവന്റെ മൂല്യത്തെയും മഹത്വത്തെയും മുൻ നിർത്തി സമകാലിക പശ്ചാത്തലത്തിൽ ഉപന്യസിക്കുക.

15. സുഹൃത് ബന്ധങ്ങളിൽ ഉണ്ടായിരിക്കേണ്ട വിശുദ്ധിയെയും വിശ്വസ്തതയെയും സ്വന്തം അനുഭവ സാക്ഷ്യത്തിലൂടെ ഉദാഹരണസഹിതം വിശദീകരിക്കുക.

16. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പ്രകൃതിയെ മറന്നു ജീവിക്കുന്നതിന്റെ പരിണിത ഫലങ്ങളും വ്യക്തമാക്കുന്ന ഒരു ഉപന്യാസം തയ്യാറാക്കുക.

17. കുടുംബജീവിതത്തിലെ മാതാപിതാക്കളുടെ കഷ്ടപ്പാടുകൾ കണ്ട് വളരുന്നവരാണല്ലോ എല്ലാ മക്കളും. മക്കളെന്ന നിലയിൽ മാതാപിതാക്കളുടെ കഷ്ടപ്പാടുകളെ ലഘൂകരിക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാകും?

18. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ശിരസ്സ് ഛേദിക്കപ്പെടുന്നവരുടെ എണ്ണം ഇന്നും കുറവല്ല. വേദപഠന വിദ്യാർത്ഥികൾ എന്ന നിലയിൽ നിങ്ങളുടെ പ്രതികരണമെന്ത് ? വിശദമാക്കുക.

19. സഭയോടൊത്ത് ചിന്തിക്കാനും സഭാപ്രവർത്തനങ്ങളിൽ പങ്കാളിയാകാനും തടസമായിട്ടുള്ള സാമൂഹ്യ തിന്മകൾക്കെതിരെയുള്ള നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.

20. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. ദൈവത്തിന്റെ ആലയമായ ശരീരത്തെ വിശുദ്ധിയിലും നിർമ്മലതയിലും കാത്ത് സൂക്ഷിക്കാൻ നമുക്ക് കടമയുണ്ട്. നവ മാധ്യമങ്ങൾ, ലൈംഗീകാതിക്രമം, ലഹരിയുടെ ഉപയോഗം എന്നിവ ഇതിന് ഒരു വെല്ലുവിളിയാണ് വിശദമാക്കുക.

21. അടുത്ത കാലത്ത് പത്രത്തിൽ വന്ന ഒരു വാർത്ത നിങ്ങളെ പരിചയപ്പെടുത്തുന്നു. ''അമ്മയുടെ അസ്ഥിയും, മകന്റെ ആസതിയും'' ഫ്ലാറ്റിലെ പത്താം നിലയിലെ മുറിയിലെ കസേരയിൽ അമ്മയുടെ അസ്ഥികൂടം- മകൻ അമേരിക്കയിൽ നിന്ന് ഒന്നര വർഷത്തിനു ശേഷം അമ്മയെ കാണാൻ വരുന്നു- കതകിൽ മുട്ടിയിട്ടും തുറക്കായപ്പോൾ വാതിൽ ചവിട്ടി തുറന്നപ്പോൾ കണ്ട കാഴ്ചയാണ് മുകളിൽ എഴുതിയിരിക്കുന്നത്. ജോലിത്തിരക്കും ഉത്തരവാദിത്വങ്ങളും മൂലം അമ്മയുമായി ഫോൺ സമ്പർക്കത്തിനുപോലും സമയമില്ല. ഈ സംഭവം വായിക്കുമ്പോൾ നിങ്ങളിൽ ഉദിക്കുന്ന വികാരം എന്ത്? നിങ്ങളുടെ പ്രതികരണങ്ങൾ എഴുതുക.

22. സഭയെ നിശിതമായി വിമർശിക്കുന്ന ഒരു കൂട്ടുകാരന്/കൂട്ടുകാരിക്ക് സഭയുടെ പ്രേഷിത സ്വാഭാവത്തെക്കുറിച്ചും നിങ്ങൾ ഇടവകയിലും വ്യക്തി തലത്തിലും ചെയ്യുന്ന പ്രേഷിത പ്രവ ർത്തനങ്ങളെ വിവരിച്ചുകൊണ്ടും ഒരു ഉപന്യാസമെഴുതുക.

23. ആധുനിക ലോകത്തിൽ ഇന്റർനെറ്റ് ചെലുത്തുന്ന സ്വാധീനം നിർണ്ണായകമാണ് ബ്ലു വെയിൽ പോലുള്ള മരണകരമായ ആപത്തുകളും ഇതോടൊപ്പം പതിയിരിപ്പുണ്ട്. വിശ്വാസ ജീവിതത്തെ ദോഷകരമായി ബാധിക്കാതെ ഈ വിവര സാങ്കേതിക വിദ്യ എങ്ങനെ പ്രയോജനപ്പെടുത്താം

24. കുട്ടികളായ നിങ്ങൾ ഇന്ന് നേരിടുന്ന പ്രധാന പ്രലോഭനങ്ങൾ ഏതെല്ലാം? അവയെ അതിജീവിക്കാൻ എടുക്കുന്ന ക്രൈസ്തവ മനോഭാവങ്ങളും പ്രായോഗിക നിലപാടുകളും വിശദീകരിക്കുക.

**മറ്റ് ചെറിയ പൊതുവിജ്ഞാന ചോദ്യങ്ങൾ സത്യദീപത്തിൽ നിന്നായിരിക്കും.**